പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1602 06.03.2020 -ലെ മറുപടിക്ക്

**ശ്രീ. വൈജു. പി.എസ്.-ന് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് വേഗത്തിൽ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ആന്റണി ജോൺ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഓഫീസ് അറ്റൻഡന്റായി ജോലിചെയ്തു വരുന്ന വൈജു. പി. എസ്-ന് ഹൃദയവാൽവ് മാറ്റി വച്ചതുമായി ബന്ധപ്പെട്ട് ചെലവായ 3,54,610/- രൂപയിൽ 1,76,622/- രൂപ അനുവദിച്ച് ഉത്തരവായിട്ടും നാളിതുവരെ തുക ലഭ്യമാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എന്തുകൊണ്ടാണ് പ്രസ്തുത തുക ലഭ്യമാക്കാൻ വൈകുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.റ്റി.സി. വളരെയധികം സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് 2016 മുതൽ കുടിശ്ശികയാണ്. |
| (സി) | ബഹു. ഹൈക്കോടതിയുടെ WPC No.15390/2019 നമ്പർ കേസിൽ ഇദ്ദേഹത്തിന് തുക ലഭ്യമാക്കണമെന്നുള്ള 19.06. 2019-ലെ ഇടക്കാല ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ; | (സി) | ശ്രീ. വൈജു.പി.എസ്.ന് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ലഭിയ്ക്കുന്നതിനുവേണ്ടി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WPC No.15390/2019 ലെ 19-6-2016 തീയതിയിലെ ഇടക്കാല ഉത്തരവും, 09-8-2019 തീയതിയിലെ വിധിന്യായവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് സാവകാശം വേണമെന്ന് ബഹു. കോടതിയെ ധരിപ്പിച്ചിട്ടുണ്ട്. |
| (ഡി) | ശ്രീ. വൈജു. പി.എസ്-ന് പ്രസ്തുത മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് തുക നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**